# “BHAKTI MARGA IN THE CONTEXT OF MARKANDEYA: AN ANALYTICAL STUDY”

**PROJECT CODE: BH6BP02B18**

**Project Report Submitted in Partial Fulfillment for the Award Of**

**Degree of Bachelor of Arts in BHARTHANATYAM of Mahatma Gandhi University.**

**Done By**

**RESMI RAJAN**

**REG NO: SB22BHA010**

**Guided By**

**MS. ARUNIMA J.R**

**MARCH 2025**

**DEPARTMENT OF BHARATHANATYAM**

**ST. TERESA’S COLLEGE (AUTONOMOUS), ERNAKULAM, PIN-682011**

**AFFILIATED TO MG UNIVERSITY, KOTTAYAM**

ST.TERES'S COLLEGE (AUTONOMOUS), ERNAKULAM, PIN – 682011

AFFILIATED TO MAHATMA GANDHI UNIVERSITY

DEPARTMENT OF BHARTANATYAM

# CERTIFICATE

This is to certify that the thesis entitled "Bhakti Marga in the Context of Markandeya: An Analytical Study" is a Bonafide record of the project (BH6BP02B18) done by Resmi Rajan (SB22BHA010) under our guidance towards partial fulfilment of the requirements for the award of the degree of bachelor of arts in Bharathanatyam of the University of Mahatma Gandhi during the year of 2025.

23/04/25

Ms.Arunima JR

Assistant professor

Department of Bharathanatyam

(Guide and Project Coordinator)

Dr, Beena D

(Head of the Department)

Joy. R
24/4/2025

EXTERNAL EXAMINER

JOY. R
Lecturer in Dance
S.S.T. Govt. College of Music
Thiruvananthapuram-14

# DECLARATION

I hereby declare that this project report titled "BHAKTI MARGA IN THE CONTEX OF MARKANDEYA: AN ANALYTICAL STUDY" submitted to the Department of Bharathanatyam.

ST.TERES'S COLLEGE (Autonomous), Ernakulam, affiliated to MG University, Kottayam is a record of original work done by me under the guidance of Ms. Arunima J.R.

The information and data given in the report is authentic to the best of my knowledge.

This project report is not submitted to any other University or institution for the award of any Degree, Diploma or Fellowship.

24th April 2025 RESMI RAJAN

ERNAKULAM

# ACKNOWLEDGEMENT

I want to start by giving God the almighty my sincere gratitude for all of the blessings I have received throughout my life and for helping me get to where I am now.

I want to express my sincere gratitude to Dr.Beena D, Head of the department, St.Teresa's college, for providing all the assistance necessary to the accomplishment of the project.

I want to express Ms.Arunima JR my sincere gratitude, Associate professor of Bharatanatyam, for her tremendous assistance and the insightful advice during the project's planning.

I would like to extend my heartfelt gratude to Sri.Chandrakumar P.L Assistant professor, Sri.Suresh kumar C.K Assistant professor, Smt.Ria VR Assistant professor, Smt.Drishya P.P Assistant professor and Smt.Pooja Balamurali Assistant Professor (department of Bharatanatyam) for their valuable assistance.

Many thanks to my family, friends and classmates for their valuable support and assistance.

RESMI RAJAN

# INDEX


| Chapter no. | | TOPIC | Page no. |
|---|---|---|---|
| **1.** | | ആമുഖം | 4 |
| **2.** | | ശിവപുരാണം | 7 |
| | 2.1 | മഹാഋഷി വേദ വ്യാസൻ | |
| | 2.2 | എന്തുകൊണ്ട് ശിവപുരാണം എഴുതി | |
| | 2.3 | എന്താണ് ശിവപുരണം | |
| | 2.4 | ശിവപുരാണത്തിന്റെ തത്വങ്ങൾ | |
| **3.** | | മാർക്കണ്ടെയ | 16 |
| **4.** | | ഭക്തി പ്രസ്ഥാനം | 24 |
| | 4.1 | വ്യക്തിയും സംഗീതജ്ഞ്യാനും | |
| | 4.2 | സാമൂഹിക സ്വാധീനം | |
| | 4.3 | മാർഗ്ഗങ്ങൾ നാല് വിധത്തിൽ | |
| **5.** | | എന്താണ് ഭക്തി | 27 |
| | 5.1 | ഭക്തി പ്രസ്ഥാനം നൃത്തത്തിൽ | |
| | 5.2 | ശൈവിസം വൈഷ്ണവിസം | |
| **6.** | | ഭക്തി പ്രെസ്ഥാനത്തിന്റെ ദോഷങ്ങൾ | 29 |
| | 6.1 | മാർഗ്ഗത്തിൽ ഭക്തിയുള്ള ഭാഗങ്ങൾ | |
| **7.** | | ഭക്തി പ്രസ്ഥാനത്തിൽ മാർക്കേണ്ടയന്റെ സ്ഥാനം | 32 |
| **8.** | | ഉപസംഗ്രഹം | 36 |

# *1.*ആമുഖം

പറയുന്നത്ശിവ പുരണത്തെപറ്റിയാണ്  ഇവിടെ പറയുന്നത്. പതിനെട്ട് പുരാണങ്ങളിൽ ഒന്നാണ് ശിവപുരാണം. ഇതിൽ പന്ത്രണ്ട് സംഹിതകളിലായി ഒരു ലക്ഷം ശ്ലോകങ്ങളുണ്ട്. ഇതിനെ വേദവ്യാസൻ 2,40,000 ശ്ലോകങ്ങളായി വർദ്ധിപ്പിക്കുകയും ശിഷ്യനായ ലോമഹർഷനെ പഠിപ്പിക്കുകയും ചെയ്തതായി വിശ്വസിക്കുന്നു. പിന്നീട് എന്തിനാണ് ശിവപുരണം എഴുതിയതെന്നും പറയുന്നു. മാർക്കടെയനെ കുറിച്ചും പറയുന്നു, മാർക്കേണ്ടയനെ പറ്റിട്ടും പറയുന്നു. അദ്ദേഹത്തിന്റെ മാതാപിഗാക്കൾക്ക് കുറെ നാൾ ആയി കുട്ടികൾ ഇല്ലായിരുന്നു. അങ്ങനെ ഇരുന്നപ്പോൾ അവർ ശിവ ഭഗവാനെ പ്രാർത്ഥിക്കുകയും  ആ മനസുരുകി ഉള്ള അവരുടെ പ്രാർത്ഥനയിൽ  ശിവ ഭഗവാൻ പ്രേത്യക്ഷപെട്ടു അവർക്കു കൊടുത്ത ഒരു വരം ആണ് മാർക്കേണ്ടയൻ എന്ന പുത്രൻ,അതുകണ്ട് തന്നെ  അദ്ദേഹം ഒരു ശിവ ഭക്തനും കൂടി ആയിരുന്നു. അങ്ങനെ മാർക്കേണ്ടയന്റെ ജീവിതത്തെ പറ്റിയും ഒക്കെ ഇവിടെ പറയുന്നു. പിന്നെ ഭക്തി പ്രസ്ഥാനം എന്താണെന്നും  അതിലെ മാർഗ്ഗത്തിൽ ഇതിൽ ആണ് മാർക്കേണ്ടയൻ വരുന്നതെന്നും ആണ് ഇവിടെ.

# •ശിവ പുരാണം

- മഹാഋഷി വേദ് വ്യാസ

അനശ്വരൻ എന്ന് വിശേഷി പുരാണകങ്ങളിൽ ക്കപ്പെടുന്ന വ്യക്തികളിൽ ഒരാളാണ് വേദവ്യാസൻ.വേദവ്യാസൻ അല്ലെങ്കിൽ കൃഷ്ണ ദ്വൈയിപായനൻ എന്നും അറിയപ്പെടുന്ന വേദവ്യാസൻ ആദരണീയനായ ഒരാളാണ്. മുനിമാർ ഇന്ത്യൻ പുരാണകങ്ങളിലും ആത്മീയ ചരിത്രത്തിലും വേദങ്ങൾ സമാഹരിക്കുക, മഹാഭാരതം ഇതിഹാസം രചിക്കുക, ഹൈന്തവസാഹിത്യത്തിന്റെ നിരവധി അടിസ്ഥാന ഗ്രന്ഥങ്ങൾ രചിക്കുക, എന്നിവയിലൂടെ പ്രശംസിക്കപ്പെട്ട വ്യാസൻ ഹിന്ദുമതത്തിന്റെ അത്മീയ ചട്ടക്കൂടിനെ ആഴത്തിൽ രൂപപ്പെടുത്തിട്ടുണ്ട്.ഇന്ത്യൻ സംസ്കാരം, തത്വചിന്ത, ആത്മീയതയത എന്നിവയിൽ അദ്ദേഹത്തിന്റെ അഗതമായ സ്വാദീനം അദ്ദേഹത്തെ ഇന്ത്യൻ പൈതൃകത്തിന്റെ ആണികലക്കി മാറ്റുന്നു.ഇദ്ദേഹത്തിന്റെ ജീവിതം പുരാണങ്ങളിൽ പൊതിഞ്ഞതതാണ്, അദ്ദേഹത്തെ കുറിച്ചുള്ള പല വിശദാംശങ്ങളും പുരാതന ഗ്രന്ഥങ്ങളിൽ നിന്നും വാമൊഴി പാരമ്പര്യങ്ങളിൽ നിന്നും ഉരുതിരിഞ്ഞതതാണ്. ദൈവിക ഇടപെടലുകളും അത്ഭുത

സംഭവങ്ങളും നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും ആകർഷകമായ വശങ്ങളിൽ ഒന്നാണ് അദ്ദേഹത്തിന്റെ ജനന കഥ. വേദ വ്യാസന്റെ ജനനത്തെ പറ്റി മഹാഭാരതത്തിൽ വളരെ വിഷദമാക്കി പറയുന്നുണ്ട്.അവന്റെ അച്ഛൻ പരാശരൻ,യമുന നദീയുടെ തീരത്തുകൂടി സഞ്ചരിക്കുമ്പോൾ കണ്ടുമുട്ടിയ ശക്തനായ ഒരു മുനി ആയിരുന്ന സത്യവതി, ഒരു മത്സ്യത്തൊഴിലാളിയയുടെ മകൾ.മത്സ്യഗന്ധത്താൽ മത്സ്യഗന്ധ എന്നറിയപ്പെടുന്ന സത്യവതി പാരാശരനെ നദികടക്കാൻ സഹായിച്ചു.അവളുടെ സൗന്ദര്യത്തിലും സമർപ്പണത്തിലും ആകൃഷ്ട്ടാനായ പരാശരൻ അവളെ ഒരു വരം നൽകി അനുഗ്രഹിക്കാൻ തീരുമാനിച്ചു അവൻ അവളുടെ ഗന്ധത്തെ ഒരു ദിവ്യസുഗന്ധ ഗദ്ധമാക്കി മാറ്റി, അത് അവൾക് പേര് നേടികൊടുത്തു യോജനഗന്ധ എന്നാരുന്നു.പരാശരനും സത്യവാദിയിൽ അക്യഷ്ടനായി അവളോടുള്ള തന്റെ ആഗ്രഹം പ്രേഘടിപ്പിച്ചു.തന്റെ കന്യകത്യം കെടുകൂടാതെഇരിക്കുമെന്ന വ്യവസ്ഥായിൽ സത്യവതി സമ്മതിച്ചു.പാരാശരൻ തന്റെ യോഗശക്തി ഉപയോഗിച്ച് അവർക്ക് ചുറ്റും ഇടതൂർന്ന മൂടൽ മഞ്ഞ് സൃഷ്ട്ടിച്ചു.അവരുടെ ഐക്യം സ്വകാര്യവും ദൈവികവും ആണെന്ന് ഉറപ്പാക്കി. അവരുടെ കൂടി ചേരലിന്റെ ഫലമായി യമുനനധിയിലെ ദ്വീപിൽവെച്ച് സത്യവതി വ്യാസനെ ഗർഭം ധരിച്ചു. വ്യാസൻ ജനിച്ചു ദൈവകൃപയാൽ, അവൻ തൽക്ഷണം ഒരു മുതിർന്നവക്തിയായി മാറി ആ അത്ഭുതകരമായ ജനനം അദ്ദേഹത്തിന് ദ്വൈപായനൻ എന്ന പേര് ലഭിച്ചു.അമ്മക്ക് ആവിശ്യമുള്ളപ്പോൾ എല്ലാം താൻ

മടങ്ങി വരും എന്ന് ഉറപ്പ് നൽകി.തുടർന്ന് അദ്ദേഹം സന്യാസ ജീവിതവും പഠനവും പിൻതുടരാൻ പോയി.ആത്മീയവും ദാർനികവുമായ പൈതൃകത്തിലേക്കുള്ള അദ്ദേഹത്തിന്റെ ഭാവി സംഭാവനകൾക്ക് വേദി ഒരുക്കി.ഈ സംഭവം വ്യാസന്റെ കഥയുടെ കേന്ദ്രമാണ്. പുരാണകങ്ങളിൽ പലതും രചിച്ചതിനോ സമാഹരിച്ചതിനോ ഉള്ള ബഹുമതിയും വ്യാസനാണ്.. പുരാണകങ്ങളിൽ പറഞ്ഞത്പോലെ വ്യാസനാണ് വിഷ്ണുപുരണം (പുസ്തകം 3, അധ്യായം 6)ഇത് പതിനെട്ടു പുരാണകങ്ങൾ സമാഹരിക്കുന്നതിലെ വ്യാസന്റെ ശ്രമങ്ങളെ വിവരിക്കുന്നു. ഓരോന്നിനും പുരാണകങ്ങൾ,ഐതീഹ്യങ്ങൾ, ദേവന്മാരുടെയും ഋഷിമാരുടെയും വീരൻമാരുടെയും വംശവലി എന്നിവ ഉൾപ്പെടുന്നു.പുരാണകങ്ങൾ ആത്മീയ വിജ്ഞാനം കൈമാറുന്നതിനുള്ള പ്രധാന വാഹനങ്ങളായി വർത്തിക്കുന്നു, ഒപ്പം ആകർഷകമായ വിവരങ്ങകൾക്ക് പേരുകെട്ടതും ആണ്. വ്യാസൻ ആരോപിക്കപ്പെട്ട പുരാണകങ്ങളിൽ ഏറ്റവും പ്രധാനപെട്ട പുരണവാണ് വിഷ്ണുപുരാണം, ഭാഗവത പുരാണം, മാർക്കണ്ടെയ പുരാണം,അതിന്റെ ഭഗ്തിക്ക് ഒരുപാട് പ്രാധാന്യം ഉണ്ട് മഹാവിഷ്ണു അവന്റെ അവതാരങ്ങളും, പ്രേത്യേകിച്ച് കൃഷ്ണ.

- <u>എന്തുകൊണ്ട് ശിവപുരണം എഴുതി</u>

  വൈദീകതത്ത്വ പ്രചരണാർദ്ധം രചിക്കപ്പെട്ടതാണത്രേ പുരാണകങ്ങൾ.അദി പ്രാചീനങ്ങളായ വേദഭാഷ

പണ്ഡിതൻമാർക്ക് പോലും പൂർണമായി ഗ്രഹിക്കുവാൻ പ്രയാസം സൃഷ്ഠിച്ചിരുന്നു.എന്നാൽ പുരാണകങ്ങളിലേക്ക് ഇറങ്ങി വന്നപ്പോൾ ഭാഷ ആധുനിക സംസ്കൃത ഭാവം കൈകൊണ്ടു.പുരാണകങ്ങൾ രചിക്കപ്പെട്ടത് പണ്ടിതൻമാർക്ക്വേണ്ടിയായിരുന്നില്ല. ദാർശനികത സുസാധ്യമല്ലാത്ത സാധാരണക്കാർക്കുവേണ്ടി ദാർശനിക അനുഭവങ്ങൾ സ്തുലരൂപത്തിൽ ഋഷികളുടെയും രാജാക്കന്മാരുടെയും ചരിത്രങ്ങളും ഉപയോഗപ്പെടുത്തി. ചിത്രങ്ങളും ചെറിയ പ്രതീകങ്ങളും കാണിച്ച് ചെറിയ കുട്ടികളെ പഠിപ്പിക്കുമ്പോൾ കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ അവർക്ക് സാധിക്കുന്നു.അതുപോലെ വേദപ്രതിപാദിതസത്യങ്ങളെ ഗ്രഹിക്കാൻ മാനവീകവും ഭാഷപരമായ വികസം പ്രപിച്ചിട്ടില്ലാത്ത സാധാരണക്കാരെ ബോധവൽകരിക്കാൻ വേണ്ടി രചിച്ചിട്ടുള്ളതാണ് പുരാണകങ്ങൾ.കഥയുടെയും മാറ്റ് സഹായങ്ങൾ കൂടാതെ കാര്യങ്ങൾ ഗ്രഹിക്കാൻ വേണ്ട മാനസിക വളർച്ച ആധുനിക മനസിന് കൈവന്നിട്ടുണ്ട്.എന്നാൽ പുരാണകങ്ങൾ കൈകാര്യംചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ആര് പറഞ്ഞു പ്രവർത്തിച്ചു എന്നതിലുപരി എന്ത് പ്രവർത്തിച്ച് കാണിച്ച് എന്നതിനാണ് പ്രാധാന്യം.

- <u>എന്താണ് ശിവ പുരാണം</u>

ഹിന്ദുമതത്തിലെ സംസ്കൃത ഗ്രദ്ധങ്ങളിലെ പുരാണ വിഭാഗത്തിലെ പതിനേട്ട് പ്രധാന ഗ്രന്ധങ്ങളിൽ ഒന്നാണ് ശിവ പുരാണം. ശിവ പുരാണം ഒരിക്കൽ പന്ത്രണ്ട് പുസ്തകങ്ങൾ പ്രതിപാദിച്ച 100,000ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എന്ന് ഉറപ്പിച്ച് പറയുന്നു.എന്നിരുന്നാലും റോമഹർഷനെ പഠിക്കുന്നതിന് മുൻപ് വ്യാസ മുനി ഇത് ചുരുക്കിയത് ആണെന്ന് പുരാണം കൂട്ടിച്ചേർക്കുന്നു. പുസ്തകങ്ങൾഒന്നും ഇല്ലാതെ, പൂർവ ഖണ്ഡ( മുമ്പത്തെ വിഭാഗം ) ഉത്തര ഖണ്ഡ(പിന്നീടുള്ള വിഭാഗം ) എന്നിങ്ങനെ ആണ് രണ്ട് വിഭാഗങ്ങൾ.പുസ്തകങ്ങൾ ഉൾപ്പെടുന്ന രണ്ട് പതിപ്പുകൾ, ചില പുസ്തകങ്ങളുടെ തലക്കെട്ട് ഒരേ തരത്തിലും മറ്റുള്ളവ വ്യത്യസ്തമായും.ഹിന്ദു സാഹിത്യത്തിലെ മാറ്റ് പുരാണകങ്ങളെ പോലെ ശിവ പുരാണവും ഒരു ജീവനുള്ള ഗ്രന്ഥമായിരിക്കാം. അത് പതിവായി എഡിറ്റ് ചെയ്യപ്പെടുകയും പുനഃ ക്രമികരിക്കുകയും വളരെകാലം പരിഷ്കരിക്കുകയും ചെയ്തു.നിലനിൽക്കുന്ന ഗ്രന്ഥങ്ങളുടെ വളരെ പഴക്കംചെന്ന കൈയെഴുതിപ്രതി രചിക്കപ്പെട്ടക്കാൻ സാധ്യതഉണ്ടെന്ന് കണക്കാക്കുന്നു,ഏകദേശം പത്ത് മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെ.ശിവ പുരാണം കൈഎഴുത്പ്രതികളുടെ ചില അധ്യായങ്ങൾ പതിനാലാം നൂറ്റാണ്ടിനു ശേഷം രചിക്കപെട്ടത് ആകാം.ശിവ പുരണത്തിൽ ശിവ കേന്ദ്രികൃതമായ പ്രപഞ്ചശാസ്ത്രം, പുരാണകങ്ങൾ, ദൈവങ്ങൾ തമ്മിലുള്ള ബന്ധം, ധാർമികത, യോഗ, തീർതാടനാ സ്ഥാലങ്ങൾ,ഭാഗ്തി,നദികൾ, ഭൂമി ശാസ്ത്രം എന്നിവയും മറ്റ്

അധ്യായങ്ങളും അടങ്ങിരിക്കുന്നു.രണ്ട് സഹസ്രസ്രബ്ദത്തിന്റെ തുടക്കത്തിൽ ശൈവിസത്തിന്പിന്നാലെ വ്യത്യസ്ത താരങ്ങളെയും ദൈവശാസ്ത്രത്തെയും കുറിച്ചുള്ള ചിത്രപരമായ വിവരങ്ങകളുടെ പ്രധാന ഉറവിടം ആണ്.19-20 നൂറ്റാണ്ടുകളിൽ വായു പുരാണം ചിലപ്പോൾ ശിവപുരണം എന്നും ചിലപ്പോൾ സമ്പൂർണ ശിവപുരത്തിന്റെ ഭാഗമായി നിർദ്ദേക്ഷിക്കപെടുകയും ചെയ്തു. ഒരിക്കൽ ബ്രഹ്മ ദേവനും കൃഷ്ണ ദേവനും തങ്ങളിൽ ആരാണ് കൂടുതൽ ശക്തൻ എന്നതിൽ തർക്കം നടക്കുകയായിരുന്നു. അവരുടെ തർക്കം കൂടുതൽ നേരം നീണ്ടുപോകുകയുണ്ടായി. അങ്ങനെ ഇതിന് പരിഹാരം കാണുന്നതിന് വേണ്ടി അവർ ഭഗവാൻ ശിവനെ സമീപിച്ചു. ഉടനെ തന്നെ മഹാദേവൻ വലിയൊരു ശിവലിങ്ക തേജസായി രൂപപ്പെട്ടു. ആ തേജസിന്റെ മുഗൾ ഭാഗം സ്വർഗത്തിലൂടെയും താഴ് ഭാഗം ഭൂമിക്ക് താഴെ നരഗത്തിലേക്കും ആണ് കടന്നുപോയിരുന്നത്. ഇത് കണ്ട് അത്ഭുതപ്പെട്ട ബ്രഹ്മദേവനും വിഷ്ണുദേവനും ആ തേജസിന്റെ ആദിയും അന്ധവും അതായത് ആരംബവും അവസാനവും കണ്ടുപിടിക്കാൻ തീരുമാനിച്ചു. അങ്ങനെ ബ്രഹ്മദേവൻ ഒരു അരയന്നതിന്റെ രൂപം സ്വീകരിച്ച് തേജസിന്റെ ആരംഭം കണ്ടുപിടിക്കാൻ മുകളിലേക്ക് യാത്രയാവുന്നു. ഇതേ സമയം വിഷ്ണുദേവൻ ഒരു കാട്ടുപന്നിയുടെ രൂപം സ്വീകരിച്ച് തേജസിന്റെ അവസാനം കണ്ടുപിടിക്കാൻ താഴേക്കു യാത്രയാവുന്നു.വളരെ കാലം അവർ യാത്ര ചെയ്തിട്ടും ബ്രഹ്മദേവന് തേജസിന്റെ ആരംബവും വിഷ്ണു ദേവന് തേജസിന്റെ അവസാനവും കണ്ടെത്താൻ ആയില്ല. ഒടുവിൽ വിഷ്ണുഭഗവാൻ ആദിയും അന്ധവും ഇല്ലാത്ത മഹാദേവൻ

ആണ് തൃമുർത്തികളിൽ ശ്രേഷ്ട്ടൻ എന്ന് മനസ്സിലാവുകയും യാത്ര തുടങ്ങിയ സ്ഥലത്തുതന്നെ തിരിച്ചെത്തുകയും ചെയ്തു.എന്നാൽ ബ്രഹ്മദേവൻ തന്റെ പരാജയം അംഗീകരിക്കാൻ തയറായിരുന്നില്ല.പിന്നീട് അദ്ദേഹം ഒരു കൈതപ്പൂവിനെ കാണുകയും തന്നെ സഹായിക്കണം എന്ന് അഭ്യർത്തിക്കുകയും ചെയ്തു. അങ്ങനെ ബ്രഹ്മദേവൻ കൈതപ്പൂവുമായി തെരിച്ചെത്തുകയും താൻ തന്റെ തേജസിന്റെ ആരംഭം കണ്ടെത്തിയെന്നും അവിടെ നിന്നാണ് തനിക് കൈതപ്പൂവിനെ ലഭിച്ചതെന്നും മഹാദേവനോട് പറയുന്നു.ബ്രഹ്മ ദേവന്റെ ഈ പ്രാവർത്തിയിൽ കൂപാകുലനായ മഹാദേവൻ ബ്രഹ്മ ദേവനെയും കൈതപ്പൂവിനെയും ശപിക്കുന്നു. ബ്രഹ്മ ദേവനെ ഇനി ആരും തന്നെ പൂജിക്കില്ലെന്നും, കൈതപ്പൂവിനെ ഇനി ഒരു പൂജക്കും ഉപയോഗിക്കില്ലെന്നും ആയിരുന്നു മഹാദേവന്റെ ശാപം.ഈ കാരണങ്ങൾ കൊണ്ടാണ് ബ്രഹ്മദേവന് അമ്പലങ്ങൾ ഇല്ലാത്തതും കൈതപ്പൂവിനെ പൂജക്ക് ഉപയോഗിക്കാത്തതും.തൃമുർത്തികളിൽ സംഹാരത്തിന്റെ ദേവൻ ആണ് ഭഗവാൻ ശിവൻ ഹിമാലയത്തിലെ കൈലസത്തിലാണ് അദ്ദേഹത്തിന്റെ വാസസ്ഥാലം.പാർവതി ദേവിയാണ് അദ്ദേഹത്തിന്റെ പദ്നി. കാർത്തികേയൻ, ഗണപതി എന്നിവരാണ് മഹാദേവന്റെ പുത്രന്മാർ കൂടാതെ അശോകസുന്ദരി എന്നൊരു മകളും ഉണ്ട് അദ്ദേഹത്തിന്.മഹാദേവന്റെ വാഹനം എന്നത് നന്ദിയാണ്.

- <u>ശിവരൂപത്തിന്റെ  തത്വങ്ങൾ</u>

 ശിവന്റെ തിരുജടയിലെ ചന്ദ്രകല വ്യത്തിശയങ്ങളിലൂടെ കാലത്തെയാണ് വിശേഷിപ്പിക്കുന്നത്.പുലിതോൽ ആണ് അദ്ദേഹത്തിന്റെ വസ്ത്രം, അല്ലാതെ ആഡംബര രീതിയിൽ ഉള്ള ഒരു വസ്ത്രവും അദ്ദേഹം ധരിക്കുന്നില്ല. ഒരു ജീവിയുടെ മരണശേഷം ആ ജീവിക്ക് പൂർണമായും ഉപയോഗശുന്യമായ അതിന്റെ ശരീരത്തിൽ നിന്ന് എടുക്കുന്ന വസ്ത്രമാണ് അദ്ദേഹം ധരിക്കുന്നത്. ആഡംബര രീതിയിൽ ഉള്ള വസ്ത്രങ്ങൾ ധരിക്കുമ്പോൾ തന്നെ നമ്മുക്ക് പല ജീവികളെയും കൊല്ലേണ്ടി വരുന്നു.ഭഗവാന്റെ തൃക്കണ്ണ് ഭാഹ്യ നെത്രത്തിലൂടെ ഗ്രഹിക്കാൻ കഴിയാത്തത് ജ്യന നേത്രത്തിലൂടെ ഗ്രഹിക്കണം എന്ന് സൂചിപ്പിക്കുന്നു.

- **<u>മാർക്കണ്ടെയ</u>**

പണ്ട് കടകം എന്നൊരു സ്ഥലം ഉണ്ടായിരുന്നു.അവിടെ കുചകൻ എന്നപേരുള്ള വളരെ ധർമിഷ്ടനായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേരായിരുന്നു മഞ്ജരി അവർ വളരെ സന്തോഷത്തിൽ ജീവിച്ചിരുന്ന ദംബത്തികൾ ആയിരുന്നു. കുറെ കാലം കഴിഞ്ഞപ്പോ അവർക്ക് ഒരു മകൻ ജനിച്ചു.അവന് അവർ കൗഷികൻ എന്ന പേര് ഇട്ടു.കൗഷികൻ ചെറുപ്പത്തിലേ സമർദ്ധൻ ആയിരുന്നു. ശാസ്ത്രങ്ങൾ എല്ലാം പഠിച്ചു,

വേദങ്ങൾ എല്ലാം പഠിച്ചു, അതിന് ശേഷം അവന് തബസ് ചെയ്യണം എന്ന് മാതാപിതാക്കളോട് പറഞ്ഞു. അങ്ങനെ തബസ് ചെയ്യാൻ കാട്ടിലേക്കു പോയി പരമശിവനെ ആണ് അവൻ തബസ് ചെയ്യുന്നത്. പരമശിവന്റെ പ്രീതി ലഭിക്കാൻ വേണ്ടി അവൻ ഏകാഗ്രമായി തബസ് ചെയ്യാൻ തുടങ്ങി.അതി കഠിനമായ തബസ് ആയിരുന്നു വിശപ്പും, ദാഹവും അറിയാതെ,മഞ്ഞും,വെയിലു, മഴയും അറിയാതെ അവൻ അങ്ങനെ നിന്ന് തബസ് ചെയ്തു. അവൻ ഇങ്ങനെ അനങ്ങതെ നിക്കുന്നത് കൊണ്ട് അവൻ മരം ആണെ ന്ന് കരുതി മൃഗങ്ങൾ ഒക്കെ ദേഹം ചൊറിയുമ്പോൾ അവന്റെ ദേഹത്ത് ഉരസിപോകും. അങ്ങനെ മൃഗങ്ങൾ ഇട്ട് ഉരച്ചുരച്ച് അവന്റെ ദേഹം പൊട്ടാൻ തുടങ്ങി മുറിഞ്ഞു, പഴുത്ത് അവിടെ ഒരു വൃണം ആയി മാറി. ഇതൊക്കെ പരമശിവൻ കാണുന്നുണ്ടായിരുന്നു. തന്റെ വലിയ ഭഗ്ത്തനായ കൗഷിക്കന്റെ ദേഹം പൊട്ടിയത് കണ്ട് അദ്ദേഹത്തിന് വളരെ വിഷമം വന്നു. അദ്ദേഹം നേരെ മഹാവിഷ്ണുവിന്റെ അടുത്ത ചെന്ന് പറഞ്ഞു. തന്റെ ഭാഗ്ദ്ധൻ കൗഷിക്കന്റെ ദേഹത്ത് മൃഗങ്ങൾ മരം ആണെന്ന് കരുതി ഉരസിയപ്പോൾ അവന്റെ ശരീരം മുഴുവൻ ഇപ്പൊ പഴുത്ത് പൊട്ടി ഇരിക്കുവാണ്. ശിവന്റെ കൈ വളരെ കട്ടിയുള്ളതാണ് അതുകൊണ്ട് തന്റെ കൈ കൊണ്ട് തടവിയാൽ അവൻ വേദനിക്കത്തെ ഉള്ള് അതുകൊണ്ട് അദ്ദേഹത്തിന്റെ കൈ വളരെ മൃതുലമാണെല്ലോ തന്റെ കൈ കൊണ്ട് അവന് തടവിമുറിവ് സുഖമാക്കി കൊടുക്കണം എന്ന് പറഞ്ഞു.മഹാവിഷ്ണു സമ്മതിച്ചു

അദ്ദേഹം തന്റെ ഗരുഡന്റെ പുറത്ത് കേറി കാട്ടിലേക്കു വന്നു. അങ്ങനെ കൗഷിക്കന്റെ ദേഹം തലോടി അപ്പോൾ അവന്റെ അദ്ദേഹത്തെ മുറിവ് മാറി.മാത്രമല്ല കൗഷികനെ തബസിൽ നിന്ന് ഉണർത്തി മഹാവിഷ്ണു അവനോട് പറഞ്ഞു തബസ് നിർത്തി പോകണം എന്നും മഹാദേവനും മഹാവിഷ്ണുവും ഇവന്റെ തബസിൽ പ്രീതിപ്പെട്ടു അതുകൂടാതെ മൃഗങ്ങൾ അവന്റെ ദേഹത്ത് വന്നു ഉരസിയത് കൊണ്ട് അവന്റെ പേര് ഇനി മൃഗണ്ടു എന്നാണെന്നും. മടങ്ങി എത്തിയ കൗഷികനോട് മാതാപിതാക്കൾ പറഞ്ഞു തന്റെ ആഗ്രഹം സാധിച്ചില്ലേ ഇനി അവർക്ക് മകനെ കൊണ്ട് വിവാഹം ചെയ്യിപ്പിക്കണം എന്നാണ് ഇനി ഉള്ളത്.പക്ഷെ മൃഗണ്ടുന് ഇതിൽ താല്പര്യം ഇല്ലായിരുന്നു തനിക് സന്യാസി ആയി ഇരിക്കാൻ ആണ് എന്നും പറഞ്ഞു. കുചകൻ പറഞ്ഞു വംശം നിലനിർത്തണം നിനക്ക് സന്യസിക്കാം  പക്ഷെ ഇപ്പോഴല്ല മനുഷ്യർക്ക് വിധിച്ചിട്ടുള്ളത് ബ്രമ്മചര്യം, ഗ്രാഹസ്ഥ്യം, മാനപ്രേസ്തം, സന്യാസം എന്നിങ്ങനെ നാല് ദർമങ്ങൾ ആണ് വിധിച്ചിട്ടുള്ളത്.പിതാവിന്റെ നിർബന്ധം കുറെ ആയപ്പോൾ മൃഗണ്ടൻ വിവാഹം കഴിക്കാം എന്ന് സമ്മതിച്ചു.തനിക് അനുരൂപയായ ഒരു വധുവിനെ അച്ഛൻ തന്നെ കണ്ടെത്തി തരണം എന്ന് പറഞ്ഞു. അങ്ങനെ ഒരുപാട് യാത്ര ചെയ്ത് അനാമയം എന്നാ കട്ടിൽ എത്തി അവിടെ തബസ് ചെയ്തുകൊണ്ട് ഇരുന്ന ഉസത്യൻ എന്നാ മഹർഷിയുടെയും മംഗള ദേവിയുടെയും മകളായ വൃന്ദയെ അദ്ദേഹം കണ്ടു.അവൾ തന്റെ മകന് അനുരൂപയായിരിക്കും എന്ന് തോന്നി അവളെ വിവാഹം

ആലോചിച്ചു അവർ അത് സമ്മതിച്ചു.അങ്ങനെ അവരുടെ വിവാഹം കഴിഞ്ഞ് മൃഗണ്ടുന് ഉത്തമ ആയിരുന്നു വൃന്ദ ഭാഗത്തായിരുന്നു  എന്നാൽ കുറെ കാലം കഴിഞ്ഞിട്ടും അവർക്ക് മക്കൾ ഉണ്ടായില്ല താൻ പരമശിവന്റെ ഭാഗ്ദ്ധൻ ആയതുകൊണ്ട് മൃഗണ്ടുവും വൃന്ദയും ചേർന്ന് തബസ് ഇരുന്ന് അങ്ങനെ പരമശിവൻ പ്രേത്യക്ഷപെട്ടു.എന്നിട്ട് അദ്ദേഹം പറഞ്ഞു നിനക്ക് നല്ല ബുദ്ധിയും ശക്തിയും ഉള്ള അല്പയസായ പതിനാറു വയസ്സ് വരെ ജീവിക്കുന്ന മകൻ വേണോ അതോ മന്ദബുദ്ധികളായ ദീർക്കയസുള്ള നൂറു മക്കൾ വേണോ എന്ന്. മൃഗണ്ടുന് ആലോചിക്കാൻ ഒന്നുമില്ലാരുന്നു അവൻ പറഞ്ഞു തനിക് അൽപായസ് ആണേലും ബുദ്ധിമനായ മകൻ മതി എന്ന്.അങ്ങനെ ശിവന്റെ അനുഗ്രഹത്താൽ ജ്യനിയും, മഹാഭാഗത്താനും ആയ മാർക്കണ്ടെയൻ ജനിച്ചു. കുട്ടികാലം തൊട്ട് ഇവൻ ഒരു ശിവ ഭാഗ്ദ്ധൻ ആയിരുന്നു. അവൻ കുറിച് മൃഗണ്ടുനും വൃന്ദക്കും സന്തോഷം അഹനേക്കും തന്റെ മകൾ പതിനാറു വയസ്സ് വരെയല്ലേ കൂടെ ഉള്ളു എന്നോർക്കുമ്പോൾ വിഷമം ആയിരുന്നു. അന്ന് പതിനാറു വയസ്സ് ഉള്ള മകൻ മതി എന്ന് പറഞ്ഞെങ്കിലും ഇന്ന് ഇവനെ വിട്ടു പിരിയാൻ പ്രയാസം ആണ്. തന്റെ മാതാപിതാക്കളുടെ വിഷമം മാർക്കണ്ടെയ കാണുന്നുണ്ടാരുന്നു. അവൻ പറഞ്ഞത് നിങ്ങൾ വിഷമിക്കണ്ട ശിവ ഭാഗവാനോട് പറഞ്ഞാൽ നടക്കാത്തതായി ഈലോഗത്ത് എന്താണ് നടക്കാത്തത്ത് താൻ അദ്ദേഹത്തിന്റെ ഭാഗ്ദ്ധൻ അല്ലെ താൻ ആവിഷപെടാൻ പോകുവാ തനിക് തന്റെ

മാതാപിതാക്കളുടെ അടുത്ത ഇനിയും ജീവിക്കണം എന്ന് ആവിശ്യപെട്ടു. അങ്ങനെ മാർക്കണ്ഡേയൻ തബസ് തുടങ്ങി ഒരു നദി തീരത്ത് ശിവലിങ്കത്തിന്റെ അടുത്തിരുന്ന് ആണ് അവിടെ ഇരുന്ന് പഞ്ചാക്ഷരി മന്ത്രം ചൊല്ലി. അങ്ങനെ മാർക്കണ്ഡേയന് പതിനാറു വയസ്സ് ആയി. ഭൂമിയിലെ ഓരോ ജീവജാലങ്ങൾക്കും മരിക്കാൻ ഉള്ള സമയം ഉണ്ട് അത് കണക് കൂട്ടുന്ന ആൾ ആണ് ചിത്ര ഗുപ്തൻ ഇദ്ദേഹം മാർക്കണ്ഡേയന്റെ അടുത്തേക് യമഗങ്കരൻമാരെ അയച്ചു അവന്റെ ജീവനെ കൂട്ടികൊണ്ട് വരാൻ. എന്നാൽ യമഗങ്കരൻമാർക്ക് മാർക്കണ്ഡേയന്റെ അടുത്ത് ചെല്ലാൻ പോലും കഴിഞ്ഞില്ല അവന്റെ ഉഗ്ര തേജസ് കാരണം പൊള്ളലെറ്റ ഇവർ ചിത്ര ഗുപ്തന്റെ അടുത്ത ചെന്നു തന്റെ കണക് തെറ്റുന്നത് ചിത്ര ഗുപ്തന് സഹിക്കാൻ കഴിഞ്ഞില്ല ഒരാൾ മരിക്കാൻ ഉള്ള സമയത്ത് മരിക്കണം അതുകൊണ്ട് ചിത്ര ഗുപ്തൻ തന്നെ മാർക്കണ്ഡേയനെ കൊണ്ടുപോകാൻ നേരിട്ട് ചെന്നു എന്നാൽ അദ്ദേഹത്തിനും കഴിഞ്ഞില്ല. അദ്ദേഹം തോറ്റു യമരാജന്റെ അടുത്ത് ചെന്നു മരണത്തിന്റെ ദേവൻ ആണ് യമരാജൻ അദ്ദേഹം മാർക്കണ്ഡേയനെ കൊണ്ടുപോകാൻ വലിയൊരു കയറും ആയിട്ട് ആണ് എത്തിയത്. എന്നിട്ട് മാർക്കണ്ഡയനോട് പറഞ്ഞുതനിക് ഭൂമിയിൽ ജീവിക്കാൻ ഉള്ള സമയം കഴിഞ്ഞു തന്റെ കൂടെ വരണം എന്നും അപ്പോൾമാർക്കണ്ഡേയൻ പറഞ്ഞത് താൻ ഒരു ശിവ ഭാഗ്ഢൻ ആണ് തന്നെ കൊണ്ടുപോകാൻ ചിത്ര ഗുപ്തനോ അങ്ങയുടെ ബ്രിത്യൻമാർക്കോ ആർക്കും തന്നെ സാധിക്കില്ല എന്ന് പറഞ്ഞിട്ട് മാർക്കണ്ഡേയൻ ശിവലിങ്കത്തെ

കെട്ടിപിടിച് പഞ്ചാക്ഷരി മന്ത്രം ചൊല്ലിക്കൊണ്ടെ ഇരുന്നു. യമരാജന് ദേഷ്യം വന്നു ഏതൊരു പുണ്യാത്മാവ് ആണേലും കൊണ്ടുപോകണം എന്നുള്ളത് അദ്ദേഹത്തിന്റെ കടമയാണ്. അതുകൊണ്ട് ശിവലിങ്കത്തിൽ പറ്റിഇരുന്ന മാർക്കണ്ടെയന്റെ കഴുത്തിലേക് കയർ ഇട്ടു അതിനൊപ്പം ശിവലിങ്കത്തിലും കൂടി ആ കുരുക്ക് വീണു യമരാജൻ മാർക്കണ്ടെയനെ വലിക്കുകയുംചെയ്തു എന്നാൽ തൃക്കണ്ണ് തുറന്ന് ശിവൻ പ്രത്യക്ഷപ്പെട്ടു തന്റെ ഭാഗ്തനെ കൊണ്ടുപോകാൻ എത്തിയ യമരാജനെ നോക്കി ദഹിപ്പിച്ചുകളഞ്ഞു. ഇത് കണ്ട് ദേവേദ്രനും മറ്റ് ദേവന്മാരും ഓടി എത്തി യമദാർമരാജൻ ഇല്ലാതാവുക എന്നാൽ ഭൂമിയിൽ മരണം ഇല്ല എന്നാണ് അർഥം. അവർ ഓടി വന്നു ഭഗവാന്റെ കാൽക്കൽ വീണു പറഞ്ഞു യമധർമരാജാവിനോട് ക്ഷമിക്കണേവേ അദ്ദേഹം അദ്ദേഹത്തിന്റെ കടമയാണ് ചെയ്തത് അദ്ദേഹത്തെ ശിക്ഷിച്ച് ഈഭൂമിയിൽ വലിയ അബത്ത് ഉണ്ടാക്കാൻ ഇടവരുത്തല്ലേ. കരുണനിധിയായ ശിവഭാഗവാൻ അപ്രാർത്ഥന കേട്ടു യമരാജാവിനെ ജീവിപ്പിച്ചു എന്നിട്ട് പറഞ്ഞു ഭസ്മം ധരിച്ച ശിവലിങ്കത്തെ കെട്ടിപിടിച് എന്നെ മാത്രം പ്രാർത്ഥിച്ച് ഇരിക്കുന്ന മാർക്കണ്ടെയനെ കൊണ്ടുപോകാൻ സമ്മതിക്കില്ല എന്ന്. മാർക്കണ്ടെയൻ ഇനി മുതൽ ചിരഞ്ജീവി ആയിരിക്കും ചിരഞ്ജീവി എന്നാൽ മരണം ഇല്ലാത്തവൻ എന്നാണ് ഇനി മുതൽ മരണത്തെ മാർക്കണ്ടെയൻ ഭയപ്പെടെണ്ടത്തില്ല എന്ന് പറഞ്ഞു ശിവൻ പോയി.അങ്ങനെ മാർക്കണ്ടെ യൻ

ലോകവസാന കാലം വരെ ജീവിക്കുന്ന ഒരു ചിരഞ്ജീവി ആയി മാറി.

- <u>ഭക്തി പ്രസ്ഥാനം</u>

ഏഴാം നൂറ്റാണ്ടു മുതൽ എട്ടാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ ആണ് കേരളത്തിലും തമിഴ്നാട്ടിലും ഭക്തി പ്രസ്ഥാനം ആരംഭിച്ചത്.സൗത്ത് പ്രേദേശത്താണ് ഇതിന്റെ ഉത്ഭവം പിന്നീട് നോർത്തിലേക് പോയി.ഏറ്റവും കൂടുതൽ പ്രചരിച്ച കാലഘട്ടം 15 – 17 നൂറ്റാണ്ടുകളിൽ വരെയാണ്.അന്നത്തെ കാലഘട്ടത്തിൽ ഉള്ള അമ്പലങ്ങളിലെ കഥകൾ എളുപ്പത്തിൽ എത്തിക്കാൻ അവസരം ഉണ്ടാക്കിയത് ആൾവരും, നായന്മാരും കാരണമായിരുന്നു.എങ്ങനെ ആയാണെന്നുള്ളത് അവർ സാഹിത്യത്തിൽ പകർത്തിട്ടുണ്ട്.തിരുജ്ഞ്യാന സമ്പത്തും, തിരുനാവ് കരസറും ഭക്തി പ്രസ്ഥാനത്തിന്റെ മുൻഗാമികൾ ആയിരുന്നു.

- <u>കവിയും സംഗീതജ്ഞനും</u>

1. <u>ആൺണ്ടാൾ</u>
2. <u>പുരന്തരദാസ്</u>

3. <u>മീരഭായ്</u>
4. <u>തിരുനാവ് കരസർ</u>
5. <u>തിരുഞ്ജ്യാനാ സംബദ്ധർ</u>
6. <u>സുന്ദർ</u>
7. <u>മാണിക്ക്യവാചകർ</u>
8. <u>ആദി ശങ്കർ</u>

- <u>സാമൂഹിക സ്വാധീനം</u>

എല്ലാവർക്കും അവരവരുടേതായ ഭക്തി മാർഗം തിരഞ്ഞെടുക്കാൻ ഉള്ള അവകാശം ഉണ്ടായിരുന്നു. നിയമങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഭക്തി പരമ്പരാഗതയുടെ ലക്ഷ്യം വ്യക്തതിയാണ്. ഭക്തൻ ദൈവവുമായി വെച്ചെക്കുന്ന ബന്ധത്തിന്റെ പേരാണ് "മാർഗ്ഗ".

- <u>മാർഗ്ഗ നാല് വിധത്തിൽ</u>

1. **<u>സത്പുത്ര മാർഗ്ഗ</u>**:

ഭക്തൻ ദൈവത്തെ രക്ഷിതാവായി കാണുന്നു.

ഉദാഹരണം – തിരുഞ്ജ്യാനാ സംബദ്ധർ

2. **സഗ മാർഗ്ഗം :**

ഭക്തൻ ദൈവത്തെ സുഹൃത്തായി കാണുന്നു

ഉദാഹരണം - സുന്ദർ

3. **ദാസാ മാർഗ്ഗം**:

ദൈവത്തെ ഉന്നത പദവിയിൽ ഇരിക്കുന്ന യജമാനനായി കാണുന്നു.

ഉദാഹരണം – തിരുനാവ്കരസർ

4. **സൻ മാർഗ്ഗം**:

ഭൂമിയിലെ ഉന്നത ശക്തിയായി കണക്കുന്നു

ഉദാഹരണം- മാണിക്ക്യവാചകർ

ഇതല്ലാതെ വേറെയും മാർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ അന്നത്തെ കലാഘട്ടത്തിൽ മുൻ നിലനിന്നിരുന്നത് ഈ നാല് മാർഗ്ഗങ്ങൾ ആണ്.

- **എന്താണ് ഭക്തി**

ഒരു ഭക്തനും ദൈവവും തമ്മിലുള്ള ബന്ധത്തെയാണ് ഭക്തി എന്ന് പറയുന്നത്. അഥവാ ഒരു ദൈവത്തോട് തോന്നുന്ന അർപ്പണ ബോധവും ഭക്തി എന്ന് പറയുന്നു.എല്ലാ ദൈവങ്ങൾക്കും ഭക്തി ഉണ്ടായിരുന്നു ശൈവിശം, വൈഷ്ണവിശം എന്നതിനായിരുന്നു മുൻ തൂക്കം ഹിന്ദുവിസത്തെ രൂപകൽപ്പന ചെയ്യാൻ ഭക്തി പ്രസ്ഥാനം സഹായിച്ചു.ഭക്തി പ്രസ്ഥാനം ഉപകാരാപ്രേദവും എന്നാൽ ഉപകാരമില്ലാതെയും ആയിട്ടുണ്ട്.ജാതി വക ബോധം ഭേദം ഇല്ലാത്ത രീതിയിൽ ഭക്തി പ്രസ്ഥാനം നിലനിന്നു.എന്നാൽ ഭക്തി പ്രസ്ഥാനത്തിൽ സ്ത്രീ പുരുഷ ബേധം ഉണ്ടായിരുന്നില്ല.ആൾവർമാർ വിഷ്ണു ഭക്തരുംനായനർമാർ ശിവഭക്തരുമാണ്.ഈ ഭക്തന്മാർഅവരുടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്തുതിഗീതങ്ങൾ പാടികൊണ്ടു വിവിധ സ്ഥാലത്തേക്ക് യാത്ര ചെയ്യുന്നു.12-14 കാലഘട്ടം വരെയാണ് ഇതിന്റെ ഇരുണ്ട കാലഘട്ടം." കലാബ്രസ്" പ്രേദേശം ഭരിച്ച രാജ്യം ആയിരുന്നു.പിന്നീട് 15- നൂറ്റാണ്ട് മുതൽ 17 -നൂറ്റാണ്ടിൽ തിരിച്ചവരുകയും ചെയ്തു.

## ഭക്തി പ്രസ്ഥാനം നൃത്തത്തിൽ

ഭാരതനാട്യം ഒരു ഭക്തിപ്രധാന കലാരൂപമാണെന്ന് പറയാവുന്നതാണ്. തൻമൂലത്തിൽ ക്ഷേത്രങ്ങളിൽ ദൈവാരാധനയുടെ ഭാഗമായി വികസിച്ച ഈ

നൃത്തശൈലി ഭക്തിയുടെ ഉജ്ജ്വല പ്രതിഫലനമാണ്. ഭക്തി നിർത്തിലൂടെ ആളുകളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കലാസൃ ഷ്ടിയെ മുന്നിലേക്ക് കൊണ്ടുടുവരാനും ആളുകളിൽ എത്തിക്കാനും നിർത്തതിന് കഴിഞ്ഞിട്ടുണ്ട്. ഭക്തി രസമല്ല കാരണം രസമെന്നുള്ളത് ഒരു പ്രെകൃയയാണ്. അത് ഒന്നിൽ നിന്ന് ഒന്നിലേക്ക് ചലിച്ചുകൊണ്ട് ഇരിക്കുന്നു. എന്നാൽ ഭക്തിയും ഭക്തൻ തന്റെ ആരാധന ദൈവത്തിന് അർപ്പിക്കുന്നുണ്ടെകിലും തിരിച്ച് ഒരു പ്രേതിഭലം കിട്ടുന്നില്ല, അതുകൊണ്ട് ഭക്തി രസമല്ല. ഭക്തി പ്രസ്ഥാനത്തിന്റെ നിർഡിഷ്ട്ട പേര് " സൗലഭ്യം " അതിനെ സുലഭം എന്നും പറയുന്നു.

- **<u>ശൈവിസവും വൈഷ്ണവിസവും</u>**

ശൈവിസം -

ആളുകളെ നിർബന്ധിച്ചു ഭക്തി ചെയ്യിപ്പിക്കുന്നു. മദത്തിൽ ഇവർക്ക് വളരെ അധികം നിർബന്തരീതി അരിക്കും. ഒരുമിച്ചാണ് ഇവരുടെ യാത്ര, സൗലഭ്യ പൂർവമാരിക്കും, അംഗീകരിക്കാൻ എളുപ്പമാണ് എന്നാൽ തുടങ്ങൻ ബുദ്ധിമുട്ടാണ്.

**<u>വൈഷ്ണവിസം</u>**-

നിര്ബന്ധമില്ലായിരുന്നു,അധികവും ഒരുമിച്ച് അല്ല, സൗലഭ്യം ആണ്.

## ഭക്തി പ്രസ്ഥാനത്തിന്റെ ദോഷങ്ങൾ :

സമൂഹത്തിൽ ഉള്ളവർ വളരെ മടിയന്മാർ യായിരുന്നു.അവർക്ക് ഭക്തി ഉള്ളതിനാൽ എല്ലാം ദൈവംതരും എന്നായിരുന്നു അവരുടെ വിജാരം.ജ്യോതിഷ്യ കാര്യങ്ങകൾക് മുൻതൂക്കം കൂടി.കലാരൂപത്തിന്റെ യഥാർത്ഥ രൂപം നഷ്ടപ്പെട്ടു.

## ഭക്തി പ്രസ്ഥാനത്തിന്റെ പ്രധാന പ്രത്യേകതകൾ

### 1.ഭക്തിയുടെ പ്രകടനം

ഭക്തി അടിസ്ഥാനമായ കൃതികൾ ശിവൻ, വിഷ്ണു, കൃഷ്ണൻ, ദേവി, മുരുകൻ തുടങ്ങിയ ദേവന്മാരോടുള്ള അർപ്പണഭാവം പ്രകടിപ്പിക്കുന്നു.

അഭിനയത്തിലൂടെ (നൃത്യഭാവങ്ങൾ) ഭക്തിയും ദൈവവിരഹവും സൂക്ഷ്മമായി അവതരിപ്പിക്കുന്നു.

രാമായണം, മഹാഭാരതം, പുരാണ കഥകൾ എന്നിവ ഭക്തി പ്രസ്ഥാനത്തിന്റെ ഭാഗമാകുന്നു.

## 2.മാർഗ്ഗത്തിലെ ഭക്തിയുള്ള ഭാഗങ്ങൾ

അളരിപ്പു, പുഷ്പാഞ്ജലി - ദൈവത്തെയും ഗുരുവിനെയും അഭിവാദ്യം ചെയ്യൽ.

വർണ്ണം - ഭക്തിയുടെ തീവ്രത പ്രകടിപ്പിക്കുന്ന മുഖ്യഭാഗം.

പദം, അഷ്ടപദി - ഭക്തി ഉണർത്തുന്ന ഗാനങ്ങളിലൂടെ ദൈവസാന്നിധ്യം അനുഭവപ്പെടുന്നു.

ഭജനങ്ങൾ, കീര്ത്തനങ്ങൾ - മീരാഭായ്, പൂരണ്ദരദാസൻ, അന്നമാചാര്യൻ തുടങ്ങിയ ഭക്തസന്തന്മാരുടെ കൃതികൾ.

തില്ലാന - അവസാന ഭാഗത്തുള്ള ദൈവസ്തുതിയിലൂടെ ഭക്തിയുടെ സമാപനം.

## 1. ഭാവങ്ങളുടെ (നവരസങ്ങൾ) ദൈവിയാനുഭവം

മധുരഭക്തി - ദൈവത്തെ പ്രിയതമനായി കാണുന്ന ഭാവം (ഉദാ: രാധാകൃഷ്ണൻ).

ദാസ്യഭക്തി - ദാസഭാവം (ഉദാ: ഹനുമാൻ, രാമഭക്തി).

വാത്സല്യഭക്തി - മാതാവിന്റെ സ്നേഹത്തോട് ഉള്ള ഭക്തി (ഉദാ: യശോദാ-കൃഷ്ണൻ).

ശാന്തഭക്തി - ആന്തരികശാന്തിയും ദൈവാനുഭവവും.

## 2. ഭക്തി പ്രസ്ഥാനവും ഭക്തിവഴിപാട് പ്രസ്ഥാനവും

ഭക്തി പ്രസ്ഥാനത്തിന്റെ കാര്യത്തിൽ ഭക്തി മുന്നോട്ട് വന്നത് ഭക്തി പ്രസ്ഥാന കാലത്ത് ആയിരുന്നു (6-17-ാം നൂറ്റാണ്ട്).

ആഴ്വാർ, നയന്മാർ, ത്യാഗരാജ തുടങ്ങിയ ഭക്തകവികളുടെ കൃതികൾ ഭാരതനാട്യത്തിൽ പ്രധാന സ്ഥാനം നേടി.

വൈഷ്ണവ-ശൈവ സമ്പ്രദായങ്ങൾ ഭാരതനാട്യത്തിന്റെയും ഭക്തി പ്രസ്ഥാനത്തിന്റെയും വളർച്ചക്ക് വലിയ പ്രചോദനം നൽകുന്നു.

## ഉപസംഹാരം

ഭാരതനാട്യത്തിൽ ഭക്തി പ്രസ്ഥാനം അതിന്റെ ആത്മാവാണ്. ഭക്തിസാന്ദ്രമായ പദങ്ങൾ, കീർത്തനങ്ങൾ, അവിഷ്കാരങ്ങൾ എന്നിവയിൽ നിന്ന് പ്രേക്ഷകനും നർത്തകനുമൊരുമിച്ചുള്ള ദൈവാനുഭവം സാധ്യമാകുന്നു. ഭക്തിയുടെയും കലയുടെയും സമന്വയത്തിലൂടെ ഭാരതനാട്യം ഒരു ആത്മീയാന്വേഷണത്തിന്റെ പരമാവധി തുറന്നിടുന്നു.

- **ഭക്തി പ്രസ്ഥാനത്തിൽ മാർക്കേണ്ടയന്റെ സ്ഥാനം**

ഒരു ഗ്രാമത്തിൽ മൃഗദണ്ഡൻ എന്നൊരു മഹർഷി ഉണ്ടായിരുന്നു അവരുടെ പത്നി മരുതമതിയും ജീവിച്ചിരുന്നു. എന്നാൽ അവർക്ക് വളരെ അധികം കാലമായി സന്ധാനഭാഗ്യം ഇല്ലായിരുന്നു. അപ്പോൾ മൃഗദണ്ഡൻ പരമശിവനെ ധ്യാനിച്ച് ഒരു മഹാ തപസ്

ഇരുന്നു. അദ്ദേഹത്തിന്റെ തപസ്സിൽ പ്രീതനായ ശിവ ഭഗവാൻ അദ്ദേഹത്തിന്റെ മുന്നിൽ പ്രേതിഷ്യപ്പെട്ടു. അദ്ദേഹത്തിനോട് ചോദിച്ചു തനിക് nth വരം ആണ് വേണ്ടതെന്നു. അപ്പൊ മൃഗണ്ടു പറഞ്ഞത് സന്താനഭാഗ്യം ഇല്ലാത്ത അവർക്ക് ഒരു ആൺകുഞ്ഞിനെ കൊടുത്ത് വരാം നൽകണം എന്നും പറഞ്ഞു. ഭഗവാൻ പറഞ്ഞു നല്ലവനും, ഞ്യാനിയും ആയ പതിനാറു വയസുവരെ ജീവിക്കുന്ന പുത്രനെ വേണോ അതോ നീജനും മന്ദബുദ്ധിയും ആയ ദീർക്കയസ് ഉള്ള പുത്രനെ വേണോ എന്നാരുന്നു ചോദിച്ചേ.അദ്ദേഹം പറഞ്ഞത് അവർക്ക് പതിനാറു വയസുവരെ ജീവിക്കാൻ കഴിയുകയുള്ളെങ്കിലും ബുദ്ധിയും, ശക്തിയും ഒക്കെ ഉള്ള പുത്രനെ മതി എന്ന്. ഭഗവാൻ അവർക്ക് വരം നൽകുകയും കുറച്ചു നാളുകൾക്ക് ശേഷം ആ ദമ്പതി മാർക്ക് ഒരു പുത്രൻ ജനിച്ചു അവന്റെ പേരാണ് മാർക്കണ്ടടെയൻ. അവൻ അങ്ങനെ ജീവിച്ചുകൊണ്ട് ഇരിക്കുമ്പോൾ അവന്റെ ആയുസ് കഴിയാറായി എന്ന ചിന്ത മതാപിതാക്കൾക് വന്നു അവർക്ക് അതിൽ ആദി ഉണ്ടാകാൻ തുടങ്ങി. കാരണം പതിനാറു വയസ്സ് വരെ ആരുന്നെല്ലോ വരം കിട്ടിയത് അത് കഴിയാറായി അവനുമായി ജീവിച്ചു അവർക്ക് കൊതി തീർന്നില്ല ഇപ്പോൾ അതാണ് അവരുടെ വിഷമം അത് കണ്ട് വന്ന മാർക്കേണ്ടയൻ ചോദിച്ചപ്പോൾ കാര്യം പറഞ്ഞു അവൻ അപ്പോൾ പറഞ്ഞത് അവൻ ശിവഭാഗവാനെ മനസുരുഗി പ്രാർഥിച്ചോളാം മാർക്കേണ്ടയന്റെ പിദ്ധാവ് വേദങ്ങളും പുരാണകങ്ങളും ഒക്കെ പറഞ്ഞു തന്നിട്ടില്ലേ അതിനാൽ മനസ് ഒരുകി പ്രാർത്ഥിച്ചാൽ ഭഗവാൻ തന്റെ

പ്രാർത്ഥന കേൾക്കും എന്നും പറഞ്ഞു മാർക്കേണ്ടയൻ തപസ് അനുഷ്ഠിക്കാൻ പോയി മണ്ണുകൊണ്ട് ശിവലിങ്കം ഉണ്ടാക്കി പ്രാർത്ഥിച്ചു പ്രാർത്ഥനയിൽ ശിവൻ പ്രേത്യയശാപെടുക്കുകയും ചെയ്തു. കാൽനിൽ നിന്ന് ആയുസ് നീട്ടികിട്ടാൻ ശിവ ഭാഗം വരേണ്ടി വന്നു ഭഗവാൻ മാർക്കേണ്ടയന് അടുത്ത വരം കൊടുത്തു മരണം ഇനി ഇവന് ഇല്ല ഇവൻ ചിരഞ്ജീവി ആണെന്നും പറഞ്ഞു.

ഇതിൽ ഭക്തി പ്രേസ്ഥാനത്തിൽ നാല് മാർഗ്ഗങ്ങൾ ആണ് പറയുന്നത് അതിൽ മാർക്കേണ്ടയൻ വരുന്നത് “സൻ മാർഗ്ഗത്തിൽ “ആണ് എന്തെന്നാൽ ഭഗവാനെ ഉന്നത ശക്തി ആയിട്ടാണ് കാണുന്നത്. ഇവിടെ മാർക്കണ്ടെയൻ പരമശിവനെ കാണുന്നത് അങ്ങനെയാണ് തനിക് ഭൂമിയിലേക് വരാനായി വരം നൽകിയതും അതുകൊണ്ട് മാർക്കണ്ടെയൻ മൃഗയർക്കു ജനിച്ചു. തൻതന്റെ മാതാപിതാക്കൾ പറഞ്ഞപ്പോഴാണെല്ലോ അറിഞ്ഞത് തനിക് പതിനാറു വർഷം വരെയേ ആയുസ് ഉള്ള് എന്നത്. ശിവഭാഗവാനെ ഉന്നത ശക്തി ആയിട്ട് കാണുന്നത് കൊണ്ട് ആണെല്ലോ ഇത് അറിഞ്ഞപ്പോൾ തന്നെ

മാതാപിതാക്കളോട് പറഞ്ഞത് തനിക് വേദങ്ങളും പുരാണകങ്ങളും ഒക്കെ പിന്നെ ഈശ്വരൻ എപ്പോഴും മനസുരുകി പ്രാർത്ഥിക്കുന്നവരുടെ കൂടെ നോക്കാറുണ്ട് എന്നും പറഞ്ഞു തന്നത് പിതാവ് അല്ലെ അപ്പൊ താൻ മനസുരുകി

പ്രാർത്ഥിച്ചാൽ ഭഗവാൻ തന്റെ ആയുസ് നീട്ടികിട്ടണം എന്ന് താൻ പറയാൻ പോകുവാ എന്നും പറഞ്ഞപ്പോൾ മാർക്കണ്ടെയൻ ശിവ ഭഗവാനിൽ ഉള്ള വിശ്വാസവും എങ്ങനെയാ കാണുന്നത് എന്നും മനസ്സിലാക്കാൻ കഴിയും. സൻ മാർഗത്തിൽ പറയുന്നതും ഇത് തന്നെയാണ്

സൻ മാർഗം; ഭൂമിയിലെ ഉന്നത ശക്തിയായി കാണുന്നു.

മാർക്കേണ്ടയൻ ശിവ ഭഗവാനെ ഉന്നത ശക്തിയായി തന്നെയാണ് കാണുന്നത്. അങ്ങനെ കണ്ടതുകൊണ്ട് ആവാം മനസ്സ് ഉരുകി പ്രാർത്ഥിച്ചാൽ വിളി കേൾക്കും എന്ന വിശ്വാസം ഉള്ളതും, തനിക്ക് ചിരൻ ജീവി ആയി എന്ന വരം കൊടുത്തതും ഭഗവാൻ തന്നെ ആണെല്ലോ,താൻ വിളിച്ചാൽ വരും പ്രേത്യക്ഷ പ്പെടും എന്ന് ഉള്ളത് കൊണ്ട് ആണെല്ലോ മാർക്കണ്ടെയൻ മണ്ണ് കൊണ്ട് ശിവലിങ്കം ഉണ്ടാക്കി തപസ്സ് അനുഷ്ടിച്ചത്. അവന്റെ വിശ്വാസത്തിൽ ഉള്ളതും നടന്നു ഭഗവാൻ മാർക്കേണ്ടയന്റെ മനസുരുകി പ്രാർത്ഥിച്ചപ്പോൾ വരും എന്നതും നടന്നു.അപ്പോൾ മാർക്കണ്ടെയൻ ഭൂമിയിലെ ഉന്നത ശക്തിയായിട്ടാണ് ഭഗവാൻ ശിവനെ കാണുന്നത് എന്നത് ഭക്തി പ്രസ്ഥാനത്തിൽ ഉള്ളത് നാല് മാർഗ്ഗങ്ങളിൽ ഒന്നായ സൻ മാർഗ്ഗത്തിൽ ആണ് അത് പറയുന്നത്.

8.

# ഉപസംഗ്രഹം

ഇതിൽ തെളിക്കുന്നത് ഭക്തി പ്രസ്ഥാനത്തിൽ മാർക്കണ്ടയൻ ഏതു മാർഗ്ഗത്തിൽ ആണ് ഉള്ളത് എന്നാണ്. ഭക്തി മാർഗ്ഗത്തിൽ നാല് മാർഗ്ഗങ്ങൾ ആണ് ഉള്ളത്. ഇതിൽ മാർക്കേണ്ടയനെ പറ്റിയും ഭക്തി പ്രെസ്ഥാനത്തെ പറ്റിയും പറയുന്നു. മാർക്കേണ്ടയൻ അദ്ദേഹത്തിന്റെ ജീവിതത്തെ പറ്റിയും അദ്ദേഹത്തിന്റെ മാതാപിക്കളുടെ പ്രാർത്ഥന കാരണം ആണ് ശിവ ഭഗവാൻ അവർക്ക് വരം നൽകിയതും അതായിരുന്നു മാർക്കണ്ടെയൻ. ശിവ ഭഗവാൻ മാർക്കണ്ടെയന്റെ മാതാപിതാക്കളോട് പറഞ്ഞത് അവർക്ക് പതിനാറു വയസ്സ് പ്രായം ഉള്ള ബുദ്ധിശാലിയും ശക്തനും ആയ മകനെ വേണോ അതോ ദീർക്ക കാലം ആയുസ് ഉള്ള മന്ദബുദ്ധി ആയിട്ടുള്ള പുത്രനെ വേണോ എന്നായിരുന്നു ശിവഭാഗവാൻ ചോതിച്ചത്. അവർ അങ്ങനെ പറഞ്ഞത് അവർക്ക് പതിനാറു വയസ്സ് ദീർക്കയസ് ഉള്ള് എങ്കിലും അവർക്ക് ബലവാനും ബുദ്ധി  ശാലിയും ആയ പുത്രനെ മതി എന്നും അങ്ങനെ ശിവ ഭഗവാന്റെ വരത്തിൽ നിന്നും കിട്ടിയതാണ് മാർക്കേണ്ടയനെ.അങ്ങനെ മാർക്കേണ്ടയന്റെ കഥളും ഒക്കെ ഇവിടെ പറയുന്നു. ഇവിടെ തെളിക്കേണ്ടത് ഭക്തി പ്രസ്ഥാനത്തിൽ ഉള്ള നാല് മാർഗങ്ങളിൽ ഏത് മാർഗ്ഗത്തിൽ ആണ് മാർക്കേണ്ടയൻ വരുന്നത് എന്നായിരുന്നു അത് ഇവിടെ തെളിച്ചിരിക്കുന്നു.